**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1568** **16-10-2026-ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ കായിക പദ്ധതികളുടെ പുരോഗതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. എം. ശശി

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കായിക വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ആലത്തൂർ അക്വാട്ടിക്ക് അക്കാദമിയുടെ നിലവിലെ നിർമ്മാണ പുരോഗതി വിദശമാക്കാമോ; പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

**മറുപടി:** പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജക മണ്ഡലത്തിലെ അക്വാട്ടിക് അക്കാഡമിയുടെ നിർമ്മാണത്തിനായി 20.06.2022 തീയ്യതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതിയും സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനെ 188.75 ലക്ഷം (GST ഉൾപ്പെടെ) രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകി പ്രവൃത്തി ടെണ്ടർ ക്ഷണിക്കുകയും ശ്രീ. ശ്രീജിത്ത്. എ, കാസർഗോഡ് എന്ന കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തിയിൽ നിന്നും വിടുതൽ ചെയ്യണമെന്ന കരാറുകാരന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ടിയാനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയ്ക്കായി പുതുക്കിയ ഡിസൈൻ തയ്യാറാക്കി 14.02.2025-ൽ പുതുക്കിയ സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിക്കുകയും ശ്രീ.മമ്മദ്. കെ, മലപ്പുറം എന്ന കരാറുകാരനുമായി 25.05.2025-ൽ കരാറിലേർപ്പെടുകയും ചെയ്തിരുന്നു. നാച്ചുറൽ കുളത്തിന്റെ നവീകരണ പ്രവൃത്തികൾ, പ്രാക്ടീസ് പൂൾ, റീട്ടൈനിംഗ് വാൾ, ഹാൻഡ് റെയിൽ, ഫെൻസിംഗ്, ഇൻറർലോക്ക്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. 02.06.2025-ൽ കരാറുകാരന് സൈറ്റ് കൈമാറി നൽകിയെങ്കിലും മഴ കാരണം പ്രസ്തുത കുളം നിറഞ്ഞു കിടക്കുന്ന അവസ്ഥയിലായതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. തുടർന്ന് മഴ മാറിയ സാഹചര്യത്തിൽ പ്രവൃത്തി ആരംഭിക്കുകയും നാച്ചുറൽ കുളത്തിന്റെ നവീകരണ പ്രവൃത്തികൾ, റീട്ടൈനിംഗ് വാൾ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ വീണ്ടും മഴ പെയ്ത് കുളം നിറഞ്ഞ സാഹചര്യമായതിനാൽ നിർമ്മാണ പ്രവൃത്തികൾ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്. നിലവിൽ 30% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2027 ഫെബ്രുവരി മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത അക്കാദമിയുടെ പ്രവർത്തനം ആരംഭിക്കുന്നതോടെ എന്തൊക്കെ പ്രയോജനങ്ങളാണ് നാടിന് ലഭിക്കുക; എന്തൊക്കെ സജ്ജീകരണങ്ങളാണ് പ്രസ്തുത അക്കാദമിയിൽ വിഭാവനം ചെയ്തിട്ടുള്ളത്; വിദശമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** സി.എം.വി. എച്ച്.എസ്.എസ്. വണ്ടാഴിയിലെ മൈതാനത്തിന്റെ നിർമ്മാണ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണോ; എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ പുനരാരംഭിക്കുവാൻ വകുപ്പ് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** വണ്ടാഴി CVMHSS ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിക്കായി 23.03.2022 തീയ്യതിയിലെ സർക്കാർ ഉത്തരവ് പ്രകാരം 95.73 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 89.59 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ശ്രീ. ജോർജ്ജ് റോബിൻസൺ, ഇടുക്കി എന്ന് കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിരുന്നത്. ടി പ്രവൃത്തിയിൽ മഡ്കോർട്ട്, ടോയ്ലറ്റ്, ഫെൻസിംഗ്, ഗ്രൗണ്ട് ഡെവലപ്മെന്റ്, കോമ്പൗണ്ട് വാൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ടി പ്രവൃത്തിയിൽ പുരോഗതി ഇല്ലാതിരുന്നതിനാൽ ചീഫ് എഞ്ചിനീയറുടെ നടപടിക്രമം പ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുകയും പ്രവൃത്തി പുനർ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. 20.06.2026 തീയ്യതിയിൽ ശ്രീ. മാത്യൂസ് കൊല്ലപ്പള്ളി, ഇടുക്കി എന്ന കരാറുകാരനാണ് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. നിലവിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി സമയബന്ധിതമായി പൂർത്തികരിക്കാൻ നിർദേശിച്ചിട്ടുണ്ട്.

**(ഡി)** മേൽപ്പറഞ്ഞ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**